(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ;

(സി) കൊരട്ടി ഇ.എസ്.ഐ. ആശുപത്രിയുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ക്യാപ്പിറ്റൽ കൺസ്ട്രക്ഷൻ ഇ.എസ്.ഐ. കോർപ്പറേഷന്റെ ഹെഡ്ക്വാർട്ടേഴ്സാണ് നേരിട്ട് ചെയ്യുന്നത്. വിഷയം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

**തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

221 (922) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പ് തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ എത്രയുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്കും ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പ് തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ മാത്രമായി പദ്ധതികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല.

**തൊഴിൽ നൈപുണ്യം**

222 (923) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം തൊഴിൽ അന്വേഷകർക്ക് തൊഴിൽ നൈപുണ്യം നൽകാൻ എത്രത്തോളം പദ്ധതികൾ ആവിഷ്കരിച്ചു വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിച്ചുവരുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി തൊഴിലന്വേഷകർക്ക് കൗൺസിലിംഗും പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കുകയും ചെയ്തുവരുന്നു. തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായിട്ടുള്ള സർക്കാർ കേന്ദ്രങ്ങളായിട്ടാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആവിഷ്കരിച്ചിട്ടുള്ളത്. അതുവഴി തൊഴിലന്വേഷകർക്ക് ആവശ്യമായ നൈപുണ്യ പരിശീലനവും ഭാഷാ പരിശീലനവും നൽകി തൊഴിൽ ദാതാക്കളുമായി ബന്ധപ്പെടുത്തുന്നു. 2013-14-ൽ കൊല്ലം എറണാകുളം കോഴിക്കോട് എന്നീ ജില്ലകളിലും 2014-15-ൽ പാലക്കാട്, കണ്ണൂർ ജില്ലകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി പരിശീലനം നടത്തുകയും 2015-16-ൽ ആലപ്പുഴ, കോട്ടയം ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായി എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയും ചെയ്യുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ, നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അദ്ധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു.